# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1910 | 17.12.2012-ൽ മറുപടിക്ക്

## <u>ജലപരിഷ്കരണ ബില്ല്</u>

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ. എസ്.ശർമ്മ** | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മത്സ്യമേഖലയിലെ ജലപരിഷ്കരണ ബില്ലിന്റെ കരട് പൂർത്തിയായോ; | (എ) യും (ബി) യും | കേരള അക്വേറിയൻ (ഫിഷറീസ്) റിഫോംസ് ബില്ലിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ് |
| (ബി) | ഈ ബിൽ നിയമമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | | |
| (സി) | പ്രസ്തുത ബില്ലിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാം. | (സി) | ടെറിട്ടോറിയൽ വാട്ടേഴ്സിൽ മത്സ്യബന്ധനം നടത്തുന്നതു വഴി ലഭിക്കുന്ന മത്സ്യത്തിന്റെ ആദ്യ വില്പന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് ഉറപ്പാക്കുന്നതിനും അതിന് അനുബന്ധമായ കാര്യങ്ങൾക്കും വേണ്ടിയുള്ള വ്യവസ്ഥകൾ പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യസമ്പത്തിന്റെ ശോഷണവും മത്സ്യസമൂഹത്തിന്റെ പിന്നോക്കാവസ്ഥയും പരിഗണിച്ച് ആഴക്കടൽ, തീരക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം സംബന്ധിച്ചുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുള്ളതാണ് ഈ ബിൽ.<br>കേരള അക്വേറിയൻ (ഫിഷറീസ്) റിഫോംസ് കരട് ബില്ലിലെ 3-ാം ഖണ്ഡത്തിൽ സർക്കാരിന് ഗസറ്റ് വിജ്ഞാപനം മൂലം ടെറിട്ടോറിയൽ വാട്ടറിലെ ഏതൊരു ഭാഗത്തേയും ട്രെഡിഷണൽ സെക്ടർ ആയി പ്രഖ്യാപിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരട് ബില്ലിലെ 4-ാം ഖണ്ഡത്തിൽ പ്രസ്തുത ട്രെഡിഷണൽ സെക്ടറിൽ മത്സ്യത്തൊഴിലാളി അല്ലാത്തതായ ആളിനേയും 6-ാംഖണ്ഡപ്രകാരം ലൈസൻസ് നേടിയിട്ടില്ലാത്ത മത്സ്യബന്ധനയാനത്തെയും മത്സ്യബന്ധനം നടത്താൻ അനുവദിക്കുന്നതല്ലായെന്ന് |

| | | | |
|---|---|---|---|
| | | | വ്യവസ്ഥ ചെയ്തിട്ടുണ്ട്. 5-ാം ഖണ്ഡ പ്രകാരം ഫിഷർമെനിനോ, ഫിഷർമെൻഗ്രൂപ്പിനോ, ഫിഷർമെൻ സൊസൈറ്റിക്കോ അല്ലാത്ത യാതൊരാൾക്കും ട്രെഡീഷണൽ സെക്ടറിൽ മത്സ്യബന്ധനം നടത്താൻ ലൈസൻസ് നൽകാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 6-ാം ഖണ്ഡത്തിൽ ഫിഷിംഗ് വെസ്സലിന്റെ ഉടമസ്ഥൻ ട്രെഡിഷണൽ സെക്ടറിൽ മത്സ്യബന്ധനം നടത്തുന്നതിന് വേണ്ടി ലൈസൻസിന് അപേക്ഷ നൽകേണ്ടതാണെന്നും നിർണ്ണയിക്കപ്പെടുന്ന തരത്തിലുള്ള വിശദാംശങ്ങളും ഫീസും നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 7-ാം ഖണ്ഡത്തിൽ 6-ാം ഖണ്ഡ പ്രകാരം അനുവദിക്കുന്ന ലൈസൻസ് റദ്ദ് ചെയ്യുന്നതിനും സസ്പെന്റ് ചെയ്യുന്നതിനും ഭേദഗതി ചെയ്യുന്നതിനും ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 8-ാം ഖണ്ഡത്തിൽ ഫിഷർമെനിനോ, ഫിഷർമെൻ ഗ്രൂപ്പിനോ, ഫിഷർമെൻ സൊസൈറ്റിക്കോ, ഒഴികെയുള്ള യാതൊരാൾക്കും ട്രെഡിഷണൽ സെക്ടറിൽ നിന്നും പിടിക്കുന്ന മത്സ്യത്തിന്റെ ആദ്യ വിൽപ്പന നടത്തുന്നതിന് അധികാരമില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 9-ാം ഖണ്ഡത്തിൽ സർക്കാർ രൂപീകരിക്കുന്ന സ്റ്റേറ്റ് ലെവൽ ഫിഷറീസ് മാനേജ്മെന്റ് കമ്മിറ്റി ഓരോ തരത്തിലുള്ള മത്സ്യത്തിനും ഉള്ള ഫ്ളോർ വില നിശ്ചയിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10-ാം ഖണ്ഡത്തിൽ സർക്കാരിന് ഗസറ്റ് വിജ്ഞാപനം മൂലം ഗുണനിലവാര നിയന്ത്രണത്തിനും വിപണന നിയന്ത്രണങ്ങൾക്കും ആയി ഒരു ക്വാളിറ്റി കൺട്രോൾ ആന്റ് മാർക്കറ്റ് റഗുലേറ്റർ കൗൺസിൽ രൂപീകരിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 11-ാം ഖണ്ഡത്തിൽ 1980 |
| | | | ലെ കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ടിലെ സെക്ഷൻ(3)അനുസരിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്ത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായിരിക്കും അധികാരപ്പെട്ട ഉദ്യോഗസ്ഥൻ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 12-ാം ഖണ്ഡത്തിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ച് കൊണ്ട് പ്രവർത്തിക്കുന്ന മത്സ്യബന്ധന |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങളും, പിടിക്കുന്ന മത്സ്യവും പിടിച്ചെടുക്കുന്നതിനുള്ള അധികാരം നൽകികൊണ്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 18-ാം ഖണ്ഡത്തിൽ അപ്പീലിനുള്ള വ്യവസ്ഥയും 19-ാം ഖണ്ഡത്തിൽ റിവിഷനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനുമായി ചർച്ച ചെയ്ത് ബില്ലിന് അന്തിമരൂപം നൽകുമോ ? | (ഡി) | പരിഗണിക്കാവുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ